**കേരള കാർഷിക സർവ്വകലാശാല**
നെല്ല് ഗവേഷണകേന്ദ്രം,
മങ്കൊമ്പ്, തെക്കേക്കര പി.ഒ.

കുട്ടനാട്ടിൽ നെൽകൃഷി വർഷത്തിൽ ഒന്ന് എന്ന ക്രമത്തിൽ നടത്തുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ച് പഠനം നടത്തുന്നതിനായി 1916ൽ ആലപ്പുഴ ജില്ലയിലെ കുപ്പപ്പുറം എന്ന സ്ഥലത്ത് തിരുവിതാംകൂർ സംസ്ഥാന കൃഷി ഡിപ്പാർട്ട്മെൻറ് ഒരു ഗവേഷണകേന്ദ്രം സ്ഥാപിച്ചു. ഇവിടെ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടനാട്ടിൽ വർഷം തോറും ഒരു വിള കൃഷി നടത്താൻ സാധിക്കുമെന്ന് തെളിയുകയും ചെയ്തു. പുഞ്ചകൃഷി വ്യാപകമായതോടെ ഈ പ്രദേശത്തിന് അനുയോജ്യമായ വിത്തിനങ്ങൾ ആവശ്യമായി വരികയും ഇതിനായി മങ്കൊമ്പിൽ ഒരു നെല്ല് ഗവേഷണകേന്ദ്രം 1940ൽ തുടങ്ങുകയും 1972 ൽ കേരള കാർഷിക സർവ്വകലാശാല ഏറ്റെടുക്കുകയും പുതിയ നെല്ലിനങ്ങൾ വികസിപ്പിക്കുന്നതിന് പുറമേ മണ്ണ്, വിളപരിപാലനം വിളസംരക്ഷണം എന്നീ വകുപ്പുകളിൽ കൂടി ഗവേഷണമാരംഭിക്കുകയും ചെയ്തു. കുട്ടനാടിനനുയോജ്യമായ കീടരോഗ പ്രതിരോധശേഷിയുള്ള അത്യുത്പാദന നെല്ലിനങ്ങൾ വികസിപ്പിച്ചെടുക്കുക, കുട്ടനാടിനനുയോജ്യവും ചെലവു കുറഞ്ഞതുമായ കൃഷിരീതികൾ ആവിഷ്കരിക്കുക, സംയോജിത കീട-രോഗ-കള നിയന്ത്രണ മാർഗ്ഗങ്ങൾ വികസിപ്പിച്ചെടുക്കുക എന്നീ ലക്ഷ്യങ്ങളോടെ വിവിധ വിഭാഗങ്ങൾ ഇവിടെ പ്രവർത്തിച്ചുവരുന്നു. ഇൻഡ്യൻ കാർഷിക ഗവേഷണ കൗൺസിൽ, രാഷ്ട്രീയ കൃഷി വികാസ് യോജന, സംസ്ഥാന ആസൂത്രണ ബോർഡ്, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എന്നിവയിലൂടെയുള്ള ഗവേഷണ പദ്ധതികളും ഇവിടെ നടത്തി വരുന്നു. ഈ ഗവേഷണ കേന്ദ്രത്തിൽ നിന്നും പുറത്തിറക്കിയ ഉമ നെൽവിത്ത് ഇന്ന് കുട്ടനാട്ടിൽ 80% പാടങ്ങളിലും മറ്റ് പ്രദേശങ്ങളിൽ 50% പാടങ്ങളിലും ഉപയോഗിച്ചുവരുന്നു. മങ്കൊമ്പിനങ്ങളായ ആശ, പവിഴം, മകം, കനകം, രമണിക, രേവതി, കൃഷ്ണാഞ്ചന തുടങ്ങിയ ഇനങ്ങൾ കേരളത്തിനകത്തും പുറത്തും കൃഷി ചെയ്ത് വരുന്നു.

1.ലഭ്യമായ സാങ്കേതിക അറിവുകൾ

1. നെല്ലിനങ്ങളെയും വിത്തിനെയും സംബന്ധിച്ചുള്ളവ
2. വിളപരിപാലനം, വളം, കീടനാശിനി പ്രയോഗം, ജൈവകൃഷി
3. മണ്ണ് പരിപോഷണവും പരിപാലനവും
4. സംയോജിത രോഗനിയന്ത്രണം
5. ജൈവകുമിൾ നാശിനിയുടെ ഉൽപാദനവും ഉപയോഗവും
6. കൂൺകൃഷി
7. കൂൺ വിത്തുല്പാദനം
8. സംയോജിത കീടനിയന്ത്രണം
9. കാർഷിക യന്ത്രവൽക്കരണം

2. കർഷകർക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

   1. കാലാവസ്ഥയെ അടിസ്ഥനപ്പെടുത്തി
   2. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ശുപാർശകൾ

3. പരിശീലന പരിപാടികൾ

   1. നെൽകൃഷിയെ ആസ്പദമാക്കിയുള്ളവ
   2. കൂൺകൃഷി
   3. ജൈവകൃഷി
   4. കമ്പോസ്റ്റ് നിർമ്മാണം
   5. യന്ത്രവൽക്കരണം
   6. കൂൺ വിത്തുല്പാദനം
   7. കൃഷിയിട പരിശീലനങ്ങൾ
   8. കൃഷിയിട പരീക്ഷണങ്ങൾ

4. ലഭ്യമായ ഉൽപ്പന്നങ്ങൾ

   1. പ്രജനനവിത്ത് 34/- കി -ഭദ്ര മുതൽ പ്രത്യാശ വരെ (18 ഇനങ്ങൾ)
   2. അടിസ്ഥാനവിത്ത് 28/- കി കാർത്തിക , ഉമ, രേവതി, കൃഷ്ണാഞ്ജന, പ്രത്യാശ
   3. ട്രൂത്ത്ഫുളി ലേബൽഡ് വിത്ത് 25/- കി ഉമ, ജ്യോതി, പ്രത്യാശ
   4. ഞവരവിത്ത് 80/- കി
   5. ഞവര അരി 75/- കി
   6. ഞവര നെല്ല് 45/- കി
   7. സ്യൂഡോമോണസ് കൾച്ചർ 70/- കി
   8. കൂൺവിത്ത് പാക്കറ്റ് 24/- പാക്കറ്റ്

നെൽകൃഷി സംബന്ധിച്ചുള്ള വിവരങ്ങളും മറ്റും അറിയുന്നതിനായി താഴെപ്പറയുന്ന ഫോൺ /ഈ മെയിൽ/ ഫാക്സ് നമ്പരിൽ ബന്ധപ്പെടാവുന്നതാണ്. ഫോൺ 0477-2702245, ഈ മെയിൽ *rrs Moncompu @ kau.in* ഫാക്സ് 0477-2702245.

ഒപ്പ്/-

**പ്രൊഫസർ & ഹെഡ്**